


# ഉയിർപ്പ് തിരുനാൾ

(ഏശയ്യാ 60: 1– 7; 1 സാമു. 2: 1– 10; മത്തായി 28: 1– 6; റോമ 6: 1– 14)

ബ്ര. ജൂഡ് കോയിൽപറമ്പിൽ MCBS

Vol. 11, Issue: 51

**ഓ**ശാന തിരുനാൾ ദിനം നാം ഏവരുടെയും മനസ്സിലേക്കുയരുന്നത് കഴുതയുടെ പുറത്ത് എഴുന്നള്ളിയ രാജാവായ ക്രിസ്തുവിന്റെ ചിത്രമാണ്. കഴുതയുടെ പുറത്ത് എഴുന്നള്ളിയ ഈ രാജാവ് മൂന്നാണികളിൽ കുരിശിൽ തൂങ്ങിമരിച്ചപ്പോൾ ലോകം കരുതി, ഇവൻ പരാജിതനായ രാജാവാണെന്ന്. എന്നാൽ മൂന്നാണികളിൽ തൂങ്ങിമരിച്ച ഈ രാജാവ് പരാജിതനല്ല. തിന്മയുടെ മേൽ എന്നെന്നേയ്ക്കുമായി വിജയം വരിച്ച ശക്തനായ കർത്താവാണ് എന്ന് ലോകത്തെ ഓർമ്മിപ്പിച്ച ഈശോയുടെ ഉത്ഥാനത്തിന്റെ ഓർമ്മയിലാണ് നാം ഏവരും. ഏവർക്കും ഉത്ഥാനത്തിരുനാളിന്റെ പ്രാർത്ഥനാശംസകൾ ഹൃദയപൂർവ്വം നേരുന്നു.

വെള്ളിയാഴ്ച ഈശോയെ സംസ്കരിച്ച ശേഷം കല്ലറയിങ്കൽ നിന്ന് എല്ലാവരും മടങ്ങി. ശനിയാഴ്ച സാബത്താണ്. സാബത്തിൽ ഒരു കിലോമീറ്ററിൽ കൂടുതൽ നടക്കാൻ യഹൂദനിയമം അനുവദിക്കുന്നില്ല. ഒരു കിലോമീറ്ററിൽ കൂടുതൽ നടന്നാൽ അത് സാബത്ത് ലംഘനമാണ്. അതുകൊണ്ട് ശനിയാഴ്ച കല്ലറ സന്ദർശിക്കാൻ മഗ്ദലേന മറിയത്തിനും കൂട്ടർക്കും സാധിച്ചില്ല. സാബത്ത് തീർന്നയുടൻ ഞായറാഴ്ച അതിരാവിലെ തന്നെ മഗ്ദലേന മറിയവും മറ്റൊരു മറിയവും കൂടി കല്ലറയിങ്കലെത്തി. മൂന്നാം ദിനത്തിൽ കല്ലറയിങ്കലെത്തിയ ഈ സ്ത്രീകൾ കണ്ട കാഴ്ച മത്തായി സുവിശേഷകൻ വ്യക്തമായി ചിത്രീകരിക്കുന്നുണ്ട്. തിന്മയുടെ മേൽ സ്വർഗ്ഗം നേടിയ വിജയത്തെയാണ് മത്തായി ശ്ലീഹാ 28:1-6 വാക്യങ്ങളിലൂടെ അവതരിപ്പിക്കുന്നത്.

രണ്ട് വാക്യങ്ങളിലൂടെയാണ് സുവിശേഷകൻ ഈ വിജയം വ്യക്തമാക്കിയിരിക്കുന്നത്. 28:2 "കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന് കല്ല് ഉരുട്ടിമാറ്റി അതിന്മേൽ ഇരുന്നു." 28:4 "അവനെക്കുറിച്ചുള്ള ഭയം നിമിത്തം കാവൽക്കാർ വിറപൂണ്ട് മരിച്ചവരെപ്പോലെയായി." കർത്താവിന്റെ ദൂതൻ കല്ല് ഉരുട്ടിമാറ്റി അതിന്മേൽ ഇരിക്കുന്നു. കർത്താവിന്റെ ദൂതനെക്കുറിച്ചുള്ള ഭയം നിമിത്തം മരിച്ചവരെപ്പോലെയായ കാവൽക്കാർ. നാം ശ്രദ്ധിക്കേണ്ടത്, കല്ലിനും കാവൽക്കാർക്കും സംഭവിച്ച മാറ്റത്തെയാണ്. കല്ലും കാവൽക്കാരും തിന്മയുടെ ശക്തികളെ പ്രതിനിധീകരിക്കുന്നതായിട്ടാണ് മത്തായി ശ്ലീഹാ അവതരിപ്പിക്കുന്നത്. കർത്താവിന്റെ കല്ലറയ്ക്കു മുമ്പിലെ കല്ലിനും കാവൽക്കാർക്കും പിന്നിൽ ഒരു ചരിത്രമുണ്ട്. മത്തായി

ശ്ലീഹാ തന്നെ ആ ചരിത്രം ആവിഷ്ക്കരിക്കുന്നു. ഈശോയെ സംസ്കരിച്ച ശേഷവും ഫരിസേയരുടെയും ജനപ്രമാണികളുടെയും മനസ്സിൽ തിന്മ പ്രവർത്തിച്ചു. അവർക്കൊരു ഭയം, ഈശോയുടെ ശിഷ്യന്മാർ അവന്റെ ശരീരം മോഷ്ടിച്ചശേഷം അവൻ അരുളിച്ചെയ്തതു പോലെ ഉയിർത്തെഴുന്നേറ്റു എന്ന് പറഞ്ഞുപരത്തിയാലോ? അത് ഒഴിവാക്കാൻ തിന്മ രണ്ട് പ്രധാനപ്പെട്ട പ്രവർത്തികൾ ചെയ്തു. തിന്മയുടെ ഒന്നാമത്തെ പ്രവർത്തി കർത്താവിന്റെ കല്ലറയിങ്കലെ കല്ലിന് അവർ മുദ്ര വച്ചു; രണ്ടാമത്തെ പ്രവർത്തി കല്ലറയ്ക്കു മുന്നിൽ കാവൽക്കാരെ നിയമിച്ചു. തിന്മ ചെയ്ത ഈ രണ്ട് പ്രവർത്തികളെയാണ് സ്വർഗ്ഗത്തിൽ നിന്നുള്ള കർത്താവിന്റെ ദൂതൻ ഉന്മൂലനം ചെയ്യുന്നത്. കർത്താവിന്റെ ദൂതൻ തിന്മ മുദ്ര വച്ച കല്ല് ഉരുട്ടിമാറ്റി അതിന്മേൽ ഇരുന്നു. തിന്മ ഏർപ്പെടുത്തിയ കാവൽക്കാർ കർത്താവിന്റെ ദൂതനെക്കുറിച്ചുള്ള ഭയം നിമിത്തം മരിച്ചവരെപ്പോലെയായി. പ്രിയമുള്ളവരേ, തിന്മയുടെ മേൽ നന്മ നേടിയ വിജയത്തിന്റെ ഓർമ്മയാണ് ഓരോ ഉത്ഥാനത്തിരുന്നാളും നമ്മുടെ മനസ്സിൽ ഉയർത്തുന്നത്.

തിന്മയുടെ മേൽ വിജയം നേടിയ സ്വർഗ്ഗം കർത്താവിന്റെ ദൂതനിലൂടെ സ്ത്രീകൾക്ക് ശക്തമായ ഒരു സന്ദേശം നൽകുന്നുണ്ട്. കർത്താവിന്റെ ദൂതൻ അവരോടു പറഞ്ഞു: ''നിങ്ങൾ വേഗം പോയി അവന്റെ ശിഷ്യന്മാരോട് അവൻ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർപ്പിക്കപ്പെട്ടു എന്നു പറയുവിൻ'' (28:7). സർവ്വപ്രതീക്ഷയും നഷ്ടപ്പെട്ട് യഹൂദരെ ഭയന്ന് ഒളിച്ചുകഴിയുന്ന ശിഷ്യന്മാരെ സന്തോഷത്തിന്റെ, നന്മയുടെ ഉത്ഥാനവാർത്ത അറിയിക്കുവാനുള്ള വിളിയാണ് ഈ സ്ത്രീകൾക്കു ലഭിക്കുന്നത്. പ്രത്യാശ നഷ്ടപ്പെട്ട് നിരാശരായവർക്ക് സന്തോഷത്തിന്റെ സദ്വാവാർത്ത അറിയിക്കുന്ന നന്മയുടെ സന്ദേശവാഹകരാകാനുള്ള വിളിയും സ്വീകരിച്ചാണ് മഗ്ദലേന മറിയം കല്ലറയിങ്കൽ നിന്ന് മടങ്ങുന്നത്.

തിന്മയുടെ മേൽ വിജയം നേടിയ കർത്താവ് നമ്മോടും ആവശ്യപ്പെടുന്നു, നന്മയുടെ സന്ദേശവാഹകരാകുക. കൽക്കത്തയുടെ തെരുവുകളിൽ നന്മ പടർത്തിയ ഒരു കന്യാസ്ത്രീയെ ലോകം സ്നേഹത്തോടെ വിളിക്കുന്നത് മദർ തെരേസ എന്നാണ്. ഏത് നിരീശ്വരവാദിയും ആ കന്യാസ്ത്രീയെ വിളിക്കുന്നത് അമ്മ എന്നാണ്. അതിനു പിന്നിലെ കാരണം, അത് നന്മ നിറഞ്ഞ ജീവിതമായിരുന്നു എന്നതു മാത്രം. മദർ, തന്റെ പ്രവർത്തനത്തിന്റെ ആരംഭഘട്ടത്തിൽ തെരുവുകുട്ടികളെ വിളിച്ചിരുത്തി പഠിപ്പിച്ചിരുന്നു. ഒരു ദിവസം ക്ലാസ്സിൽ വന്ന ഒരു കുട്ടി ഭക്ഷണമൊന്നും കഴിച്ചിട്ടില്ലെന്ന് മദറിനു മനസ്സിലായി. മദറിന്റെ കയ്യിലാകട്ടെ, വണ്ടിക്കൂലിക്കു കൊണ്ടുവന്ന മൂന്ന് അണ മാത്രവും. എങ്കിലും അതെടുത്ത് അവന് ഭക്ഷണം വാങ്ങാൻ കൊടുത്തശേഷം ആ അമ്മ മഠത്തിലേയ്ക്ക് കിലോമീറ്ററുകൾ നടന്നുപോയി. ഉത്ഥിതന്റെ സന്ദേശം സ്വീകരിച്ച് നിരാശയിലും ദുരിതത്തിലും കഴിയുന്നവർക്ക് നന്മ നൽകിയ വ്യക്തിയാണ് കൽക്കത്തയിലെ മദർ തെരേസ.

ഈശോയുടെ ഉത്ഥാനത്തിലൂടെ തിന്മയുടെമേൽ സ്വർഗ്ഗം നേടിയ വിജയത്തിൽ പങ്കാളിയാകാൻ നാം ചെയ്യേണ്ടത് ഇത്രമാത്രം. ലോകത്തിൽ നന്മയുടെ സന്ദേശവാഹകരാവുക. നന്മ പരത്താൻ ലോകത്തിന്റെ വിവിധ കോണുകളിലേയ്ക്ക് നാം യാത്ര ചെയ്യേണ്ടതില്ല. അത് എന്റെ കുടുംബത്തിലാകാം, എന്റെ അയൽവക്കങ്ങളിലാകാം, എന്റെ ഇടവകയിലാകാം, എന്റെ കൂട്ടുകാർക്കിടയിലാകാം. കുടുംബത്തിൽ പ്രായമായ മാതാപിതാക്കന്മാരെ ശുശ്രൂഷിക്കുമ്പോൾ, ഇടവകയിൽ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കുചേരുമ്പോൾ, കൂട്ടുകാർക്കിടയിൽ നന്മ പങ്കുവയ്ക്കുന്ന വ്യക്തിത്വങ്ങളാകുമ്പോൾ നാം നന്മയുടെ സന്ദേശവാഹകരാവുകയാണ്.

പ്രിയമുള്ളവരേ ഓർക്കാം, നാമോരോരുത്തരും ഒരു പോരാട്ടഭൂമിയിലാണ് ചുവടുറപ്പിച്ചിരിക്കുന്നത്. നന്മയും തിന്മയും എന്റെ മുന്നിൽ നേർക്കുനേർ വരുന്ന പോരാട്ടഭൂമിയിൽ. എന്റെ ഓരോ തെരഞ്ഞെടുപ്പുകൾക്കു മുന്നിലും രണ്ട് സാദ്ധ്യതകളുണ്ട്; നന്മയും തിന്മയും. അന്തിമമായ വിജയം നന്മയ്ക്കാണെന്ന ബോദ്ധ്യത്തിൽ നന്മയുടെ ഭാഗത്ത് നിലയുറപ്പിക്കാൻ നമുക്കാകട്ടെ. പാപത്തെ സംബന്ധിച്ചിടത്തോളം നാം മരിച്ചവരാണെന്നും യേശുക്രിസ്തുവിൽ ദൈവത്തിനു വേണ്ടി ജീവിക്കുന്നവരാണ് നാം എന്നും ലേഖനത്തിലൂടെ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിച്ചു. ദൈവത്തിനുവേണ്ടി ജീവിക്കുന്നവരായ നമുക്ക് നന്മ തെരഞ്ഞെടുക്കുവാനുള്ള ആർജ്ജവത്വം ലഭിക്കുന്നതിനായി ഈ വിശുദ്ധ കുർബാനയിൽ പ്രാർത്ഥിക്കാം.